LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1986 മാർച്ച് 25, ചൊവ്വ

വാല്യം LXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1986 മാർച്ച് 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ ഭരണസമിതി

* 107 [112] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 28-2-1986 വരെ എത്ര മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ ഭരണസമിതികൾ രൂപീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ഗ്രാമസംഘങ്ങൾ മുഖേന മൽസ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി 1985-86-ൽ ചിലവാക്കിയ സംഖ്യ എത്ര ;

(സി) എത്ര മൽസ്യത്തൊഴിലാളികൾക്ക് അതുകൊണ്ട് പ്രയോജനം ലഭിച്ചു ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) നൂറ്റിമുപ്പത്തിയഞ്ച് (135) കടലോര മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ ഭരണസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) 286.2 ലക്ഷം രൂപ.

(സി) 15,134 മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ പ്രവർത്തനത്തിനുവേണ്ടി കഴിഞ്ഞവർഷം നീക്കിവച്ച തുക എത്രയായിരുന്നു ; ചെലവാക്കിയതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട്. ധാരാളം തുക ലാപ്സായിയെന്ന് പത്രവാർത്ത കാണുന്നുണ്ട്. അങ്ങനെ തുക ലാപ്സായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് കാരണമെന്താണ് ?

ശ്രീ. കെ. കരുണാകരൻ : തുക ലാപ്സായിട്ടില്ല. പണം കിട്ടിയശേഷം ചെലവ് ചെയ്ത കാര്യങ്ങളാണ് പറഞ്ഞത്. മൊത്തം 407.63 ലക്ഷം രൂപയുണ്ട്. ക്ഷേമപ്രവർത്തനങ്ങൾക്കു മാത്രമായിട്ടാണ് 286.2 ലക്ഷം രൂപ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഇപ്പോൾ ഗ്രാമസംഘങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളുടെ ഭരണസമിതികളിൽ എന്നത്തേക്ക് തെരഞ്ഞെടുപ്പ് നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു ?

ശ്രീ. കെ. കരുണാകരൻ : ഇത് എൻ. സി. ഡി. സി. കൂടി അംഗീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ്. മൽസ്യം പിടിക്കാനുള്ള ഉപകരണങ്ങൾ കൊടുക്കുക, പിടിച്ച മൽസ്യം വ്യാപരിക്കുക, ബോട്ട് കൊണ്ടുവന്ന് കരയ്ക്കടുപ്പിച്ച് മൽസ്യം ഇറക്കുന്നതുള്ള ലാൻഡിംങ്ങ് ഫെസിലിറ്റീസ് ചെയ്തുകൊടുക്കുക, അത് തണുപ്പിച്ച് സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുക ഇതൊക്കെയാണ് മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ. അവർക്ക് വീടുവച്ചുകൊടുക്കുക, കുടിവെള്ളം കൊടുക്കുക തുടങ്ങിയ പദ്ധതികളും അവർക്കുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : 240 ഗ്രാമസംഘങ്ങളാണ് അവിടെയുള്ളത്. പകുതിയോളം സംഘങ്ങളുടെ ഭരണസമിതികൾ പോലും രണ്ടുമൂന്നു വർഷമായിട്ടും രൂപീകരിക്കാതിരിക്കുന്നതിന് കാരണമെന്താണ് ?

ശ്രീ. കെ. കരുണാകരൻ : നിയമം പാസ്സായിട്ട് മൂന്നുവർഷമായിട്ടില്ല. എൺപത്തിമൂന്നോളം ഗ്രാമസംഘങ്ങളാണ് ബാക്കിയുള്ളത്. രൂപീകരിച്ച ഗ്രാമസംഘങ്ങളിൽ മൽസ്യത്തൊഴിലാളി കുടുംബങ്ങളല്ലാത്ത ആളുകളുണ്ടെന്ന പരാതി ഉണ്ടായതിനെ തുടർന്ന് അന്വേഷിച്ചപ്പോൾ അപൂർവ്വം ചില കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നു കാണാൻ കഴിഞ്ഞു. ഇന്നത്തെ വ്യവസ്ഥയനുസരിച്ച് നിയമിച്ചാൽ പിന്നെ അവരെ നീക്കംചെയ്യാൻ വ്യവസ്ഥയില്ല. ഇനി നിയമിക്കുമ്പോൾ അങ്ങനെ വരാതിരിക്കാൻ ഡയറക്ടറോട് ശരിയായിട്ടുള്ള അവരുടെ വിവരങ്ങൾ അന്വേഷിച്ച് പേരു തരാൻ പറഞ്ഞിരിക്കുകയാണ്. പേരു തരുന്നതിന് അല്പം സാവകാശമെടുത്തു.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 286.27 ലക്ഷം രൂപ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കിയെന്നു പറഞ്ഞു. അത് ഏതൊക്കെ ഇനങ്ങളിലാണെന്നുള്ളതിന്റെ വിശദമായിട്ടുള്ള കണക്ക് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : അപകടംമൂലം മരണം സംഭവിച്ചാൽ കൊടുക്കുന്ന സഹായം, മൽസ്യബന്ധന സമയത്ത് കാണാതായവർക്കും സ്ഥിരമായി അംഗവൈകല്യം സംഭവിക്കുന്നവർക്കും താൽക്കാലികമായി അംഗവൈകല്യം സംഭവിക്കുന്നവർക്കും ഒക്കെ കൊടുത്തിട്ടുള്ള കോമ്പൻസേഷൻ പതിമൂന്നുലക്ഷത്തി ഇരുപത്തീരായിരത്തി മുന്നൂറ്റിയിരുപത്തഞ്ച് രൂപയാണ്. ഫിഷർമെൻ റിലീഫ് ഫണ്ട്, വനിതാ സ്പെഷ്യൽ ബസ്, സർവ്വീസ് നടത്തുന്നതിനും നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനും സബ്സിഡി, എൻ. സി. ഡി. സി. പദ്ധതി മുഖേന വള്ളവും വലയും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനൊക്കെ മൊത്തമായി കൊടുത്തിട്ടുണ്ട്. റിലീഫ് ഫണ്ടിന് 600 രൂപയും പ്രനിതാ സ്പെഷ്യൽ ബസ് സർവ്വീസിന് രണ്ടുലക്ഷത്തി എണ്ണായിരത്തി ഇരുന്നൂറ്റിയിരുപത്തിമൂന്ന് രൂപയും നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനുള്ള സബ്സിഡി പത്തുലക്ഷം രൂപയും എൻ. സി. ഡി. സി. മുഖേന വള്ളം, വല, എൻജിൻ ഇവ നൽകുന്നതിന് 66 ലക്ഷം രൂപയുമുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായിട്ട് കൊടുത്തിട്ടുള്ളത് ഒരുകോടി ഇരുപതു ലക്ഷം രൂപയാണ്. 94 വള്ളം, 8584 കിലോ വല, 51 എൻജിൻ മുതലായവ കൊടുത്തു. പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഹഡ്കോയുടെ സഹായത്തോടുകൂടിയുള്ള ഭവനനിർമ്മാണത്തിന് ഒന്നും രണ്ടും ഘട്ടങ്ങൾക്കുവേണ്ടി ബാക്കി തുകയായ ഇരുപത്തിയഞ്ചുലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ കൊടുത്തു. മൂന്നാം ഘട്ടത്തിന്റെ ഒന്നാം സ്റേജിന്റെ പേമെന്റ് ആയ നാല്പത്തിനാല് ലക്ഷത്തി പതിനേഴായിരം രൂപ കൊടുത്തു. വിദ്യാകേന്ദ്രങ്ങൾക്ക് രണ്ടുലക്ഷം രൂപ കൊടുത്തു. പീലിംഗ് സെൻറുകൾ മുഖേന വായ്പ കൊടുത്തത് ഒരുലക്ഷത്തി അൻപതിനായിരം രൂപയാണ്. ഇങ്ങനെ രണ്ടുലക്ഷത്തി എൺപത്തിയാറായിരം രൂപ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചു. വ്യാസ സ്റോർ സ്ഥാപിച്ചതിന് രണ്ടുലക്ഷം രൂപ മണ്ണെണ്ണയ്ക്കുള്ള പെർമിറ് നൽകിയതിന് (4562 കുടുംബങ്ങൾക്ക്) മൂലധനച്ചെലവ് 7.15 ലക്ഷം രൂപ. ശമ്പളവും മിസലേനിയസ് ചെലവ് എല്ലാം കൂടി 45.15 ലക്ഷം രൂപ. എക്സ്റൻഷൻ സർവ്വീസ് 16.65 ലക്ഷം രൂപ. പ്രീ-ഓപ്പറേഷണൽ എക്സ്പെൻറിച്ചറിന് 32.67 ലക്ഷം രൂപ. മൂലധന ചെലവ് 6.82 ലക്ഷം രൂപ. കണ്ടിൻജൻസി 12.99 ലക്ഷം രൂപ. ആകെ ചെലവ് 69.13 ലക്ഷം രൂപ. ക്ഷേമപ്രവർത്തനങ്ങൾക്ക് 286.20 ലക്ഷം രൂപ. ഫെഡറേഷന്റെ മൂലധനച്ചെലവ് 7.15 ലക്ഷം രൂപ. ശമ്പളം 45.15 ലക്ഷം രൂപ. എൻ. സി. ഡി. സി. പദ്ധതിയുടെ മറ് ചെലവുകൾ 69.13 ലക്ഷം രൂപ. അങ്ങനെ 407.63 ലക്ഷം രൂപ.

Dr. A. Subba Rao : Sir, there are 135 Gramasanghams now. In how many Gramasanghams, there are elected bodies ? Whether all these societies are nominated bodies ? At least some of them are elected bodies. If they are nominated bodies how many of them are non-officials and how many of them are officials ?

ശ്രീ. കെ. കരുണാകരൻ : അവിടെയെല്ലാം നോമിനേറഡ് ബോഡിയാണ് ഉള്ളത് ഇലക്ഷൻ നടന്നിട്ടില്ല. 6 മുതൽ 9 വരെ അംഗങ്ങളാണ് നോൺ-ഓഫീഷ്യലംഗങ്ങളായിട്ടുള്ളത്.

Dr. A. Subba Rao : Answer to (c) Minister was pleased to say that only 15,000 odd people have been benefited by this scheme. What is the total number of fishermen in our State and if it is only 15,000 in the last year how do you expect that all these fishermen are benefited under this scheme and how long will take all these fishermen to get benefit out of this scheme ?

ശ്രീ. കെ. കരുണാകരൻ : മുഴുവൻ തിട്ടപ്പെടുത്തിയില്ലെങ്കിലും ഒന്നര ലക്ഷത്തോളം കുടുംബങ്ങൾ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗത്തിൽ 407.63 ലക്ഷം രൂപ നീക്കിവച്ചുവെന്നു പറഞ്ഞു. അതിൽ 286.27 ലക്ഷം രൂപ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചുവെന്ന് പറയുകയുണ്ടായി. അതിന്റെ കണക്കുകൾ വായിച്ചപ്പോൾ ഒരു കോടി ഇരുപതുലക്ഷം രൂപ വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിച്ചവർക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ചെലവഴിച്ചുവെന്നും പറഞ്ഞു. ഈ 407.63 ലക്ഷം രൂപ സംസ്ഥാന ഗവൺമെൻറ് മാറിവച്ചതിൽ നിന്ന് ചെലവഴിച്ചതാണോ ; അതോ കേന്ദ്ര ഗവൺമെൻറ് വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി തന്ന ഫണ്ടിൽ നിന്നുമാണോ ഒരു കോടി ഇരുപതു ലക്ഷം രൂപയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇത് കേന്ദ്രഗവൺമെൻറ് തരുന്ന പണമാണ്. നമ്മൾ അതിനായി ചെലവു ചെയ്യേണ്ടത് കേവലം 12 ശതമാനം മാത്രമാണ്.

ശ്രീ. കാനം രാജേന്ദ്രൻ : സർ, 135 കടലോര സംഘങ്ങൾ രൂപീകരിച്ചുവെന്നു പറഞ്ഞു. മത്സ്യത്തൊഴിലാളികളുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകളെ ഉൾപ്പെടുത്തിയാണ് ഈ സംഘങ്ങൾ നോമിനേറ്റ് ചെയ്തിട്ടുള്ളത്. എല്ലാ സെപ്റ്റംബർ മാസത്തിലും വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി അർഹരായ ആളുകളെ നിശ്ചയിക്കണമെന്നുണ്ട്. ഈ സെപ്റ്റംബർ മാസത്തിനുള്ളിൽ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഈ സംഘങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് ഗവൺമെൻറിൻെറ ആഗ്രഹം. അതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്.

ശ്രീ. കെ. ടി. കുമാരൻ : ജനാധിപത്യമൂല്യങ്ങളിൽ അങ്ങേയറ്റം വിശ്വസിക്കുന്ന നമ്മുടെ മുഖ്യമന്ത്രി തെരഞ്ഞെടുപ്പ് കഴിയുംവേഗം നടത്താമെന്നു പറഞ്ഞു. തെരഞ്ഞെടുപ്പ് നടത്തുന്നതിൻെറ തീയതി ഇന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ഗവൺമെൻറ് മുൻതൂക്കം കൊടുക്കുന്നത് ഇലക്ഷനല്ല. അവർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാണ് ഗവൺമെൻറ് മുൻതൂക്കം കൊടുക്കുന്നത്. അതുകൊണ്ട് ആനുകൂല്യങ്ങൾ ആദ്യം കൊടുത്തിട്ട് പിന്നീട് ഇലക്ഷൻ നടത്താം.

ശ്രീ. കെ. ടി. കുമാരൻ : കേരളത്തിലെ ഓരോ ജില്ലയിലും എത്ര ഗ്രാമസംഘങ്ങൾ വീതം രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

ശ്രീ. കെ. കരുണാകരൻ : മൊത്തം 222 ഗ്രാമസംഘങ്ങൾ രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അത് 5 കൊല്ലം കൊണ്ട് പൂർത്തിയാക്കും. നമ്മൾ മാത്രമായി 15 വില്ലേജുകളാണ് ഇതിനുവേണ്ടി എടുത്തിട്ടുള്ളത്. കാരണം, ഇതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്യുന്ന എൻ. സി. ഡി. സി. ഇതിൻെറ പ്രവർത്തനം എങ്ങനെയാണെന്ന് പരിശോധിക്കണമെന്നു പറഞ്ഞിരുന്നു. അവർ പരിശോധിച്ചതിൽ 15 ഗ്രാമങ്ങളുടെ പ്രവർത്തനങ്ങളിൽ അങ്ങേയറ്റം സംതൃപ്തി പ്രകടിപ്പിക്കുകയും അടുത്ത വർഷംമുതൽ കൂടുതൽ എടുക്കാൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. ദിനകരൻ : രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങളിൽ അംഗങ്ങളെ ചേർത്തതിൻെറ ഫലമായി മത്സ്യത്തൊഴിലാളികളല്ലാത്തവരും ഈ ഗ്രാമസംഘങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. അവരെ ഒഴിവാക്കുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ? ഉൾനാടൻ ഗ്രാമസംഘങ്ങൾ രൂപീകരിക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഉൾനാടൻ ഗ്രാമസംഘങ്ങൾ ഉടനടി രൂപീകരിക്കുന്നതാണ്. 17 എണ്ണം ഈ വർഷംതന്നെ ടേക്കപ്പ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളത് രൂപീകരിക്കാനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്. വോട്ടർപട്ടിക ഫൈനലൈസ് ചെയ്യാൻ നടപടി എടുക്കുന്നതാണ്. ഞാൻ കത്തിനെ അംഗങ്ങളുടെ കാര്യമാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : വെള്ളപ്പൊക്കദുരിതാശ്വാസത്തിനുവേണ്ടി ഒരു കോടി 20 ലക്ഷം രൂപ ചെലവഴിച്ചെന്നു പറഞ്ഞല്ലോ. ആലപ്പുഴ ജില്ലയിലെ ഇൻലാൻഡ് മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ചീനവലയും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനായി 18 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ അങ്ങനെ വാങ്ങിയ ആ ചീനവലയും മറ്റ് സാധനങ്ങളും ഉപയോഗിക്കാൻ പറ്റാത്തവിധം മോശമായതാണെന്ന പരാതി അങ്ങ് പരിശോധിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : അങ്ങനെയൊരു പരാതി കിട്ടിയിട്ടുണ്ട്. വലയുടെ കൗണ്ട് രണ്ടായതുകൊണ്ട് വല സ്ട്രോങ്ങായിരിക്കുകയില്ല എന്ന അഭിപ്രായമുണ്ടായി. കൂടാതെ താങ്ങായിട്ട് ഉപയോഗിച്ചിരുന്ന തടി നല്ലതായിരുന്നില്ല. അതുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് അതാതു സ്ഥലങ്ങളിലേക്ക് വല കൊണ്ടുപോകുന്നതിന് വിഷമമുണ്ടെന്നും, അവിടെത്തന്നെ ഇട്ടിട്ടു പോകുകയാണെന്നും പരാതി കിട്ടിയിട്ടുണ്ട്. അവർക്കാവശ്യമായ സ്ഥലങ്ങളിൽ വല സപ്ലൈ ചെയ്യാനും, നല്ല വലകൾ കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഇത്തരത്തിലുള്ള കള്ളപ്രചരണം നടത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : തീർച്ചയായും അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ : യഥാർത്ഥ മൽസ്യത്തൊഴിലാളികളായിട്ടുള്ള പലർക്കും ഇപ്പോഴത്തെ ഗ്രാമസംഘങ്ങളിൽ അംഗത്വം കിട്ടിയിട്ടില്ല. ആ വസ്തുത പരിഗണിച്ച്, സമഗ്രമായ ഒരു അന്വേഷണം നടത്തി അവരെക്കൂടി ഗ്രാമസംഘങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഗ്രാമസംഘങ്ങളിൽ അംഗങ്ങളെ ചേർത്തിരിക്കുന്നതിനെ സംബന്ധിച്ച് പരാതി ഉണ്ടായിരിക്കുന്നതുകൊണ്ട്, അത് കൃത്യമായി അർഹമായ എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ ഏതെങ്കിലും പെട്ടാൽ അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണെങ്കിൽ അവരെ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇത് കൃത്യമായി പരിശോധിച്ച്, ആരെങ്കിലും ഒഴിവായിപ്പോയിട്ടുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. കാരണം യഥാർത്ഥത്തിലുള്ള പാരമ്പര്യാഗത മൽസ്യത്തൊഴിലാളികൾക്ക് മുഴുവൻ ആനുകൂല്യം ചെയ്യണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ഉദ്ദേശം. ഒരാളും ഒഴിവായിപ്പോകരുതെന്ന് ഗവൺമെൻറിന് നിർബന്ധമുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : ദുരിതാശ്വാസത്തിനുവേണ്ടി മൊത്തം 407 ലക്ഷം രൂപയാണ് ബഡ്ജറിൽ നീക്കിവച്ചിട്ടുള്ളത്. ബഡ്ജറ് സമയത്തല്ലാതെയുള്ള ദുരിതാശ്വാസത്തിനുവേണ്ടിയാണ് ഇത് ചെലവഴിക്കുന്നത്. മൊത്തം ചെലവഴിച്ച 286 ലക്ഷത്തിൽ 120 ലക്ഷം വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി ചെലവഴിച്ചു കഴിഞ്ഞു. എന്നാൽ ബഡ്ജറിൽ നീക്കിവച്ചിട്ടുള്ളതിന്റെ 55 ശതമാനം ചെലവഴിച്ചിട്ടില്ല. ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ച ഈ 55 ശതമാനം ചെലവഴിക്കാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ഇത് ശരിയല്ല. 262 ലക്ഷം ക്ഷേമപ്രവർത്തനത്തിന് നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേയാണ് നേരത്തെ അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : നേരത്തെ വായിച്ചത് അതല്ല. 286-ൽ ഒരു കോടി 20 ലക്ഷം എന്നാണ് അദ്ദേഹം പറഞ്ഞത്. അത് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനു വേണ്ടിയാണ്. 247 ലക്ഷം ബഡ്ജറിലുള്ളത് ചെല വഴിച്ചിട്ടില്ല. അപ്പോഴാണ് മിച്ച ബഡ്ജറിന്റെ കളളങ്കം പുറത്തു വരുന്നത്.

ശ്രീ. കെ. കരുണാകരൻ : ബഡ്ജറിൽ ഇതിനുവേണ്ടി വച്ചിട്ടില്ല. ബഡ്ജറിൽ വച്ചിട്ടുള്ള തുക മൊത്തമായി മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ചെലവഴിക്കുന്നതാണ്. മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾക്കുമാത്രം ചെലവഴിക്കുന്ന സംഖ്യയാണത്.

ശ്രീ. രമേശ് ചെന്നിത്തല : വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായം ഗ്രാമ സംഘങ്ങളിലെ മൽസ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. എന്നാൽ മൽസ്യ ത്തൊഴിലാളികൾക്ക് ഇനിയും സഹായം ലഭിച്ചിട്ടില്ല. ഇതുസംബന്ധമായി നിരവധി മെമ്മോറാണ്ടങ്ങളുമായി ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ അതിൻമേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല എന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതുകൊണ്ട് വെള്ളപ്പൊക്കത്തിൽ നാശനഷ്ടങ്ങൾക്കിരയായവർക്കുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആലപ്പുഴ ജില്ലയിലെ ഗ്രാമസംഘം എന്ന് നിലവിൽ വരുമെന്നുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളുടെ മൊത്തം ചുമതലയും കളക്ടർക്കാണ്. പക്ഷേ കളക്ടർ ചുമതല നിർവഹിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകൾ കൊടുക്കുന്ന കണക്കുകളും ഉപദേശങ്ങളും അനുസരിച്ചാണ്. ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കാം. അടുത്ത സാമ്പത്തികവർഷം തീർച്ചയായിട്ടും ആലപ്പുഴ ജില്ല ഗ്രാമസംഘത്തിന്റെ പ്രവർത്തനം ഏറ്റെടുക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : മൽസ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളിൽ ഒന്നു വീട് വച്ചുകൊടുക്കുകയാണെന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. 1985-86-ൽ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി എത്ര വീടുകൾ വച്ചുകൊടുത്തിട്ടുണ്ടെന്നു പറയാമോ ? ഏതു ഏജൻസി വഴിയാണ് വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ശ്രീ. കെ. കരുണാകരൻ : കൊടുത്ത സംഖ്യ ഞാൻ ഇവിടെ വായിച്ചു. അടുത്ത വർഷം അവസാനത്തോടുകൂടി മൊത്തം മുപ്പതിനായിരം വീട് കൊടുക്കുന്നതാണ്.

ശ്രീ. ബെന്നി ബഹനാൻ : മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞു ഈ പദ്ധതി മൂലം പതിനയ്യായിരത്തോളം മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുമെന്ന്. ഡോക്ടർ സുബ്ബറാവുവിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു ഒന്നര ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന്. ഒരു പ്രത്യേക സമയപരിധിക്കുള്ളിൽ ബഹുഭൂരിപക്ഷം മൽസ്യ തൊഴിലാളികൾക്കും പ്രയോജനം ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ? ഗവൺമെൻറ് അതിന് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി 82 കോടി രൂപയുടെ പദ്ധതികൾ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി 5 വർഷംകൊണ്ട് പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. അടുത്ത മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

നാല് കൊല്ലം കൊണ്ട് ബാക്കിയുള്ള എല്ലാപേരെയും ബാധിക്കത്തക്കവിധത്തിൽ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഇപ്പോഴുള്ള ആനുകൂല്യങ്ങൾക്കു പുറമെ മറ്റ് ചില ആനുകൂല്യങ്ങൾ കൂടി കൊടുക്കുന്നതാണ്. അതിന്റെ മൊത്തം ആനുകൂല്യങ്ങൾ ഗ്രാമത്തിലെ പതിനയ്യായിരത്തിൽപരം കുടുംബങ്ങൾക്ക് കിട്ടുമെന്നാണ് പറഞ്ഞത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഇതിനകത്ത് പറഞ്ഞിരിക്കുന്ന ക്ഷേമപ്രവർത്തനങ്ങളിൽ, തുടർച്ചയായി തൊഴിലില്ലാത്ത അവസരങ്ങളിൽ മൽസ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കാൻ വ്യവസ്ഥയുണ്ടോ ? അങ്ങനെയുണ്ടെങ്കിൽ കഴിഞ്ഞ 4 മാസമായി, തുടർച്ചയായിട്ട് മൽസ്യം കിട്ടാതെ, പട്ടിണി കിടക്കുന്ന പോർട്ടുകൊച്ചി മുതൽ ചെല്ലാനം വരെയുള്ള പ്രദേശങ്ങളിലെ മൽസ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും സഹായം കൊടുത്തിട്ടുണ്ടോ ? കൊടുത്തിട്ടില്ലെങ്കിൽ അതിന് വല്ല കാരണവും ഉണ്ടോ ? കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഈ പദ്ധതിയുടെ ഭാഗമായിട്ട് മൽസ്യത്തൊഴിലാളികൾക്ക് തൊഴിലില്ലാത്ത അവസരത്തിൽ എന്തെങ്കിലും സൗജന്യങ്ങൾ കൊടുക്കാൻ വ്യവസ്ഥയില്ല. എന്നാൽ മൽസ്യത്തൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തുന്നതോടുകൂടി കമ്മിറ്റി കൂടി ഇതിനുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആ കമ്മറ്റി അതിന്റെ പരിപാടികളിൽ തൊഴിലില്ലാത്ത അവസരത്തിൽ സാമ്പത്തികസഹായം ചെയ്യാനുള്ള പരിപാടിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അസാധാരണമായ പ്രകൃതിക്ഷോഭം കൊണ്ട് കഷ്ടപ്പെടുന്ന ആളുകൾക്ക്, ആ പ്രത്യേക കാലങ്ങളിൽ സൗജന്യറേഷൻ കൊടുക്കുകയല്ലാതെ സാധാരണഗതിയിൽ തൊഴിലില്ലാതെ വരുന്ന ആളുകൾക്ക് സൗജന്യറേഷൻ കൊടുക്കുക പ്രയാസകരമായിരിക്കും.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി നടത്താൻ ഉദ്ദേശിച്ച ഈ ഭരണസമിതിയുടെ പ്രവർത്തനത്തിൽ സ്പെസഫിക്കായിട്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്തുതീർക്കണമെന്ന് ഗവൺമെന്റ് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ? ഉദാഹരണമായി പല കോസ്റ്റൽ ബൽറ്റുകളിലും ശുദ്ധജലമില്ല. മൽസ്യം കയറ്റിക്കൊണ്ടുപോകാനുള്ള വലിയ റോഡുകളില്ല. മൽസ്യ വിപണനം നടത്താനുള്ള സ്ഥലസൗകര്യമില്ല. ശുദ്ധജലമില്ല. ഇങ്ങനെ സ്പെസഫിക്കായിട്ട് ഇന്നയിന്ന കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് കാര്യങ്ങൾ ചെയ്യണമെന്ന് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ എന്താണ് ?

ശ്രീ. കെ. കരുണാകരൻ : ഉണ്ട്. മൽസ്യത്തൊഴിലാളികൾക്ക് വീടും ആ വീട്ടിലേക്ക് വെള്ളവും വെളിച്ചവും കൊടുക്കാനുള്ള പദ്ധതികൾ ഉണ്ട്. അവരുടെ ഏരിയയിലേക്ക് റോഡും പണിതുകൊടുക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശുദ്ധജലം പൊതുവായിട്ടുള്ള ഒരു കാര്യമാണ്. അത് ഗ്രാമക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ടേക്കപ്പ് ചെയ്തിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : മൽസ്യത്തൊഴിലാളി സംഘടനകൾ ഈ സംസ്ഥാനത്തെ ഗ്രാമഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തെ തുടർന്ന് മുഖ്യമന്ത്രി തന്നെ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ 1985 സെപ്റ്റംബർ മാസത്തിനുള്ളിൽത്തന്നെ തെരഞ്ഞെടുപ്പു നടത്തി ഒരു ജനാധിപത്യ വ്യവസ്ഥയിലുള്ള സംവിധാനം ഏർപ്പെടുത്താമെന്ന് രേഖാമൂലം ഉറപ്പു നൽകിയതാണ്. ആ ഉറപ്പ് പാലിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ : തെരഞ്ഞെടുപ്പ് കഴിയുംവേഗം നടത്തണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ടാണ് സമയം പറഞ്ഞിരുന്നത്. ഇത് കേട്ടാൽ തോന്നും തെരഞ്ഞെടുപ്പു നടത്തിയാൽ ഗവൺമെൻറിനെന്തോ നഷ്ടം സംഭവിക്കാൻ പോകുന്നുവെന്ന്. മൽസ്യത്തൊഴിലാളികൾക്കു മാത്രമായിട്ടുള്ള സ്കീമാണിത്. മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന ആനുകൂല്യം മറ്റുള്ള ആളുകൾ തട്ടിക്കൊണ്ടുപോകാതിരിക്കാൻ ഫുൾപ്രൂഫായി നടത്തിക്കൊണ്ടു പോകണം എന്നുള്ളതുകൊണ്ടാണ് അല്പം സമയം എടുത്തത്.

[ശ്രീ. കെ. ചന്ദ്രശേഖരൻ : മൽസ്യത്തൊഴിലാളികൾക്ക് വെള്ളവും വെളിച്ചവും എത്തിക്കാനുള്ള പദ്ധതി ഉണ്ട് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇത് സ്വാഗതാർഹമായ ഒരു കാര്യമാണ്. ഞാൻ ചോദിക്കാനുദ്ദേശിക്കുന്നത് ഈ പദ്ധതിപ്രകാരം എവിടെയെല്ലാം വെളിച്ചവും വെള്ളവും കൊടുത്തു എത്ര രൂപ ഈ പദ്ധതിക്കുവേണ്ടി ഈ നടപ്പു വർഷം ചെലവായി എന്നുള്ളതു സംബന്ധിച്ച കണക്കുകൾ തരാമോ ?

[ശ്രീ. കെ. കരുണാകരൻ : ക്ഷേമപ്രവർത്തനങ്ങൾ മൊത്തമായിട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകമായിട്ട് ചോദിച്ചാൽ മുഴുവൻ കണക്കുകളും ശേഖരിച്ചു തരാം.

[ശ്രീ. ബേബിജോൺ : ക്ഷേമപ്രവർത്തനങ്ങൾ മൊത്തമായിട്ടാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് പറഞ്ഞു. 407 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പ്രകൃതിക്ഷോഭം ആൻറിസിപ്പേറ്റ് ചെയ്തുകൊണ്ടല്ലേ തുക ഉൾക്കൊള്ളിക്കുന്നു. മുഖ്യമന്ത്രി കണക്കു പറഞ്ഞപ്പോൾ അതിനുചെലവാക്കിയതുകൂടി ചേർത്തു പറഞ്ഞു. അതൊഴിവാക്കിയിട്ട് 407 ലക്ഷം രൂപ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചെങ്കിൽ യഥാർത്ഥത്തിൽ എത്ര തുക ചെലവഴിച്ചു ; ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത് 407.63 ലക്ഷം രൂപയാണ്. അതിൽ എത്ര തുക ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചു ?

[ശ്രീ. കെ. കരുണാകരൻ : വെള്ളപ്പൊക്കംകൊണ്ട് കഴിഞ്ഞടപ്പെടുന്ന ആളുകൾക്കുകൊടുത്തതും ക്ഷേമപ്രവർത്തനത്തിൻറെ ഭാഗമാണ്. അതിനുള്ള ഫണ്ട് കേന്ദ്രഗവൺമെൻറിൻേറതാണെന്നുള്ള വ്യത്യാസമേയുള്ളു. 407.63 ലക്ഷം എന്ന് ഞാൻ പറഞ്ഞത് ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി 286 ലക്ഷം, ഫെഡറേഷൻറെ മൂലധനം 7.15 ലക്ഷം, ശമ്പളം 45 ലക്ഷം, എൻ. സി. ഡി. സി. പദ്ധതിക്ക് മറ്റു ചെലവുകൾ മുഖേന 69.3 ലക്ഷം.

[ശ്രീ. ബേബിജോൺ : ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്ത തുകയിൽ 286 ലക്ഷം ചെലവഴിച്ചു എന്ന് പറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. നാച്ചുറൽ കലാമിറ്റീസിലെ 160 ലക്ഷം രൂപകൂടിയുണ്ട്. യഥാർത്ഥ കണക്ക് പറയണം.

[ശ്രീ. കെ. കരുണാകരൻ : എൻ. സി. ഡി. സി. പദ്ധതിക്ക് 69.3 ലക്ഷം ചെലവഴിച്ചു എന്നു പറയുന്നത് ഈ 286 ലക്ഷത്തിനു പുറമേയാണ്.

[ശ്രീ. എം. കെ. കേശവൻ : മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ ഉണ്ടാക്കുന്നത് യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് ഗുണം കിട്ടാൻവേണ്ടിയാണെന്ന് മുഖ്യമന്ത്രി പറയുന്നു. അങ്ങനെയാണെങ്കിൽ കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ മൽസ്യത്തൊഴിലാളികൾ ഉള്ള വൈക്കം താലൂക്ക് ഉപേക്ഷിച്ചിട്ട് മൽസ്യത്തൊഴിലാളികളും മൽസ്യവുമില്ലാത്ത തിരുവഞ്ചിയൂരിൽ എന്തിനാണ് മൽസ്യത്തൊഴിലാളി ഗ്രാമസംഘം ഉണ്ടാക്കിയതെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇൻലൻറ് ഫിഷിങ് ഏറിയയിൽ തോടും പുഴയും കുളവുമൊക്കെയുള്ള സ്ഥലത്ത് മീൻ വളർത്താനുള്ള പദ്ധതികൂടി ഉണ്ട്. വൈക്കം ഒരു കായലോര പ്രദേശമാണ്. മൽസ്യം വളർത്തലിന് വളരെയേറെ സൗകര്യമുണ്ട്. സ്റേറേറിന്റെ ഏതു ഭാഗത്തും മൽസ്യം വളർത്താം. ഗ്രാമപ്രദേശങ്ങളിലെ മൽസ്യം വളർത്തൽ പദ്ധതി ഈ ഗവൺമെൻറാണ് കൊണ്ടുവന്നത്. ആറു കൊല്ലംകൊണ്ട് 135 കോടി രൂപ ചെലവുചെയ്ത് മൽസ്യവിത്തുണ്ടാക്കി വളർത്തി വ്യാപരിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് വെള്ളം കിട്ടുന്ന ഏതു പ്രദേശത്തും ഈ പദ്ധതി നടപ്പാക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. ഇ. കെ. നായനാർ : മുഖ്യമന്ത്രി ഇവിടെ പറഞ്ഞു 286 ലക്ഷം ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചുവെന്ന്. വെള്ളപ്പൊക്കത്തിന്റെ ഫലമായി കിട്ടിയ ദുരിതാശ്വാസ തുകയായ 160 ലക്ഷം കൂടി ഉൾപ്പെട്ടതാണോ ഇത്. വെള്ളപ്പൊക്കം, തീപിടിത്തം, പ്രകൃതിക്ഷോഭം തുടങ്ങിയവയ്ക്കൊക്കെ സൗജന്യമായി കേന്ദ്രം തുക നൽകണമെന്ന് ഫൈനാൻസ് കമ്മീഷൻ റെക്കമൻറ് ചെയ്തിട്ടുള്ളതാണ്. അപ്പോൾ ആ തുക ഇതിൽ പെടുത്താൻ പാടില്ല. എന്നാൽ ഇതുംകൂടി പെടുത്തിയാണ് 286 ലക്ഷമെന്നു പറയുന്നത്. അപ്പോൾ ഈ 160 ലക്ഷം രൂപ എവിടെപ്പോയി. ആരുടെയെങ്കിലും പോക്കറിലായോ ? ആ കണക്ക് വ്യക്തമാക്കണം. 160 ലക്ഷംകൂടി ചേർത്ത് 286 എന്ന കണക്ക് പറയുന്നത് നല്ലതാണോ ?

ശ്രീ. കെ. കരുണാകരൻ : ഈ സാമ്പത്തികവർഷം അവസാനിക്കാൻ ഇനിയും ദിവസങ്ങൾ ഉണ്ട്. കണക്കുകൾ മുഴുവൻ ശേഖരിച്ചു വരുമ്പോൾ മുഴുവൻ തുകയും ചെലവാക്കിയിരിക്കും. ഫെബ്രുവരി വരെയുള്ള കണക്കാണ് ഇവിടെ ശേഖരിച്ചിട്ടുള്ളത്. പേയ്മെൻറ് വരുന്നത് ഫൈനാൻഷ്യൽ ഈയർ അവസാനിക്കുമ്പോഴാണ്. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : നമ്മുടെ കേരളത്തിലെ ഏറ്റവും വലിയ മൽസ്യത്തൊഴിലാളി കേന്ദ്രമാണ് കൊല്ലം ജില്ല. വിശേഷിച്ച് അഷ്ടമുടിക്കായലിന്റെ തീരപ്രദേശം. ആ അഷ്ടമുടിക്കായലിൽ പതിനായിരക്കണക്കിന് മൽസ്യത്തൊഴിലാളികൾ ജീവനം നടത്തുന്നുണ്ട്. ഈ അടുത്ത കാലത്ത് ഏതോ ഒരു വൻകിട കമ്പനിക്ക് അഷ്ടമുടിക്കായലിന്റെ ഒരു 50 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് ആർക്കിയോളജിക്കൽ വകുപ്പും കൂടി ചേർന്നുകൊണ്ട് കക്ക dredge ചെയ്തു എടുക്കുന്നതിനുവേണ്ടി ഒരു ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വലിയ സമരവും, പ്രക്ഷോഭണവുമൊക്കെ അവിടെ നടന്നിട്ടുണ്ട്. അങ്ങനെയൊരു പരിശ്രമം ഗവൺമെൻറ് നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത് നിർത്തിവയ്ക്കാനുള്ള തീരുമാനം ഗവൺമെൻറ് എടുക്കുമോ ?

ശ്രീ. കെ. കരുണാകരൻ : കക്ക നമ്മുടെ വ്യവസായ ആവശ്യത്തിനും വെള്ള സിമൻറുണ്ടാക്കുന്നതിനും വളരെ അത്യാവശ്യമായതുകൊണ്ട് അതെടുക്കുന്നത് തടയാൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly